# അക്കാദമിക മാസ്റ്റർ പ്ലാൻ

## ALPS പടന്ന തെക്കേക്കാട്

2025-26

# ആമുഖം

അധ്യാപനവും അധ്യയനവും ചേർന്നതാണ് വിദ്യാഭ്യാസം. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് സംസ്കാരം പകർന്നുനൽകപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. അതായത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം. കുട്ടിയുടെ അറിവ്, കഴിവ്, മനോഭാവം, മൂല്യബോധം ഇവയെല്ലാം വിദ്യാഭ്യാസം സമഗ്രമായി സ്വാധീനിക്കുന്നു.

കേവലം ക്ലാസ്മുറികളിലെ ജ്ഞാനസമ്പാദനത്തിനപ്പുറം ഒരു കുട്ടിക്ക് അവന്റെ ജീവിതത്തെ പടുത്തുയർത്തുന്ന സദ്സ്വഭാവത്തിന് രൂപം കൊടുക്കുന്ന ആശയങ്ങളുടെ സംയോജനമാണ് വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ടത്. നമ്മുടെ വിദ്യാലയത്തിലേക്ക് അക്ഷരവെളിച്ചം നുകരാൻ മുഴുവൻ കുട്ടികളെയും ആകർഷിക്കാനുതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ ആർജ്ജിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യു

മ്പോൾ മാത്രമാണ് മികവിന്റെ കേന്ദ്രമായി വിദ്യാലയം മാറുന്നത്.

നിരവധി അക്കാദമിക നേട്ടങ്ങൾ സമ്മാനിച്ചുകൊണ്ടാണ് കഴിഞ്ഞ അധ്യയനവർഷം കടന്നുപോയത്. 2025-26 അധ്യയന വർഷം മികവിന്റെ വർഷമായി മാറ്റണമെന്ന ലക്ഷ്യത്തോടെ വിദ്യാലയം ഏറ്റെടുത്ത് നടത്താനായി വൈവിധ്യവും, ആകർഷകവും ആയ നിരവധി പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

അക്കാദമിക മാസ്റ്റർപ്ലാനിൽ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായും കുട്ടികൾക്ക് ഉല്ലാസപ്രദമായ രീതിയിലും നടപ്പാക്കാനും വിദ്യാലയം പ്രതീക്ഷിക്കുന്ന ലക്ഷ്യത്തിലെത്തിക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു ദീപത്തിൽ നിന്ന് മറ്റൊരു ദീപത്തിലേക്ക് ദീപത്തെ ജ്വലിപ്പിക്കാൻ ശിശുസൗഹൃദവും, ആഹ്ലാദകരവുമായ ഒരിടമായി നമ്മുടെ വിദ്യാലയത്തിന് സാധിക്കട്ടെ എന്നുമെന്നും.....

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും, അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
* മുഴുവൻ സമയവും കുട്ടികളോടൊപ്പം അധ്യാപകൻ ഉണ്ടെന്ന് ഉറപ്പുവരുത്തുക.
* പഠനവിഷയങ്ങളിൽ ആശയവ്യക്തത ഉണ്ടാക്കുക.
* ഓരോ കുട്ടിയും മാതൃഭാഷ, ഇംഗ്ലീഷ് എന്നിവയിൽ ആശയവിനിമയശേഷി നേടുക.
* ഗണിതം, ഐ.ടി വിഷയങ്ങളിൽ ധാരണയും കഴിവും ഉണ്ടാക്കുക.
* പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും, ആർജ്ജവവും കൈവരിക്കുക.
* സാമൂഹ്യബോധം, പരിസ്ഥിതിജ്ഞാനം, തുടങ്ങിയവ കൈവരിക്കുക. സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിക്കുന്ന തരത്തിൽ സമഗ്രവികാസം ലക്ഷ്യമാക്കുക.
* പഠനപ്രയാസം നേരിടുന്ന കുട്ടികൾക്ക് പ്രവർത്തനങ്ങൾ നൽകുന്നതോടൊപ്പം മുന്നോക്കക്കാരായ കുട്ടികൾക്ക് ഉള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* 1-5 വരെ ക്ലാസ്സുകളിൽ പ്രതീക്ഷിത ധാരണ, ശേഷി ഇവ ഉറപ്പുവരുത്തുക.

- എല്ലാ കുട്ടികൾക്കും പഠനത്തിനും, വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക.
- ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉണ്ടാക്കുക.
- മൂല്യനിർണയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക
- പഠനത്തെ പരിസരബന്ധിതവും, ജീവിതഗന്ധിയുമാക്കുന്നതിന് വിദ്യാലയം തന്നെ ഒരു പാഠപുസ്തകമാക്കുക.
- CWSN കുട്ടികൾ ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.

# വിദ്യാലയ ലഘുചരിത്രം

അറബിക്കടലിനും കനോലികനാലിനും ഇടയിൽ സ്ഥിതിചെയ്യുന്ന മനോഹരമായ ഒരു കൊച്ചുദ്വീപാണ് തൈക്കടപ്പുറം. തൈക്കടപ്പുറം എന്ന കൊച്ചുദ്വീപിലെ ഏക സരസ്വതിക്ഷേത്രമാണ് നമ്മുടെ വിദ്യാലയമായ പടന്ന എ.എൽ.പി.എസ് തൈക്കടപ്പുറം. എത്രയോ തലമുറകൾക്ക് അക്ഷര വെളിച്ചം പകർന്ന് അജ്ഞതയുടെ അന്ധകാരത്തെ അകറ്റിയ നമ്മുടെ വിദ്യാലയം നാടിന്റെ സർവ്വതോമുഖമായ വികസനത്തിന് അടിത്തറയൊരുക്കാൻ പ്രയത്നിക്കുന്നു എപ്പോഴും.

മാറുന്ന ലോകത്തിനൊപ്പമെന്നല്ല, അതിനെക്കാൾ മുമ്പെ തന്നെ ലക്ഷ്യത്തിലെത്താൻ ഈ ദ്വീപിനെ ഏറെ സ്വാധീനിക്കുന്നതും നമ്മുടെ വിദ്യാലയം തന്നെയാണ്. വിദ്യാസമ്പന്നരായ തലമുറകളെ വാർത്തെടുക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു. 1949 ൽ സ്ഥാപിതമായ ഈ വിദ്യാലയം ആദ്യമുണ്ടായ ഓലമേഞ്ഞ കെട്ടിടത്തിൽ നിന്നും

ഇന്ന് നാം കാണുന്ന ഈ കെട്ടിടത്തിലേ-ക്കെത്തുവാൻ മാനേജ്മെന്റും, നാട്ടുകാരും, രക്ഷിതാക്കളും, പൂർവ്വവിദ്യാർത്ഥി സംഘടനകളും ഏറെ തുണയായി വിദ്യാലയത്തിനൊപ്പം ചേർന്ന് പ്രവർത്തിച്ചത് കൊണ്ടാണ്.

## നിലവിലുള്ള അവസ്ഥ

| വിഭാഗം | എണ്ണം | സ്ഥിരം ജീവനക്കാർ |
|---|---|---|
| ഹെഡ്‌മിസ്ട്രസ് | 1 | 1 |
| എൽ.പി.എസ് എ. | | |
| ജൂനിയർ അറബിക് ടീച്ചർ | | |
| | | |

## വിദ്യാലയ നേട്ടങ്ങൾ

* എല്ലാ വർഷവും LSS പരീക്ഷയിൽ മികച്ച വിജയം നേടാറുണ്ട്.
* 2024-25 അധ്യയനവർഷം 3 എൽ.എസ്.എസ് ആണ് ലഭിച്ചത്.
* ചെറുവത്തൂർ സബ്ജില്ലയിൽ തന്നെ ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര-പ്രവർത്തി പരിചയ മേളകളിലും മികച്ച വിജയമാണ് നമ്മുടെ വിദ്യാലയത്തിന് ലഭിച്ചത്.
* മൂന്ന് വർഷമായി നവോദയ പരീക്ഷയിലും Selection നേടാൻ നമ്മുടെ വിദ്യാലയത്തിലെ അഞ്ചാം തരത്തിലെ കുട്ടികൾക്ക് സാധിച്ചു.
* പ്രീ-പ്രൈമറി സ്കോളർഷിപ്പുകളിൽ പരീക്ഷ എഴുതിയ മുഴുവൻ കുട്ടികളും സ്കോളർഷിപ്പിന് അർഹരായി.
* കുട്ടികളുടെ പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും ആയി കഴിഞ്ഞ അധ്യയന വർഷം ആരംഭിച്ച ആഴ്ച നക്ഷത്രം മെഗാക്വിസ് മികച്ച രീതിയിൽ പൂർത്തി കരിക്കാൻ സാധിച്ചു.

# വിവിധ സംവിധാനങ്ങൾ

വിദ്യാലയത്തിന്റെ അക്കാദമിക - അക്കാദമികേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന സംവിധാനങ്ങൾ ഊർജ്ജസ്വലമായി പ്രവർത്തിക്കേണ്ടതുണ്ട്.

## പി.ടി.എ

ക്ലാസ് പി.ടി.എ യോഗങ്ങൾ തീരുമാനിച്ചത് പ്രകാരം കൃത്യമായി നടത്താറുണ്ട്. SRG യിൽ തീരുമാനിച്ചത് പ്രകാരം ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളുടെ ക്ലാസ് പി.ടി.എ കൃത്യമായി നടത്തി രക്ഷിതാക്കൾക്ക് കുട്ടികളെ കുറിച്ച് വ്യക്തമായ ധാരണ കൊടുക്കും.

## എസ്.ആർ.ജി.

എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 4 മണിക്ക് SRG ചേരുകയും അക്കാദമിക പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ദിനാചരണങ്ങൾ, അനുബന്ധ പ്രവർത്തനങ്ങൾ, എന്നിവ നടത്തുന്ന രീതിയും, തീയതിയും തീരുമാനിക്കും.

## എസ്.എസ്.ജി.

പരിമിതമായ എസ്.എസ്.ജി സംവിധാനമാണ് നിലവിലുള്ളത്. ഈ വർഷം മുതൽ എസ്.എസ്.ജി കൂടുതൽ ശക്തിപ്പെടുത്താനും, കാര്യക്ഷമമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

പ്രവർത്തനക്രമം

മലയാളം.

ലക്ഷ്യങ്ങൾ.

⇒ എല്ലാ കുട്ടികളിലും അർത്ഥപൂർണ്ണമായി വായിക്കാനും, എഴുതാനും ഉള്ള ശേഷി ഉറപ്പാക്കുക.

⇒ കുട്ടികളിൽ അവരവരുടെ പ്രായത്തിനനുസരിച്ച തരത്തിൽ മികച്ച നിലയിൽ ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക.

⇒ കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക - സർഗാത്മകരചനകൾക്ക് അവസരം സൃഷ്ടിക്കുക.

⇒ ആശയങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

[കഥ, പാട്ട്, സംഭാഷണം, വിവരണം, ഡയറി, പോസ്റ്റർ, സ്കിറ്റ്...].

⇒ ഇതിനായി ആധുനിക സാങ്കേതിക വിദ്യകൾ [ICT] പ്രയോജനപ്പെടുത്തുക.

⇒ മത്സരപരീക്ഷകളിലെ മികച്ച വിജയത്തിന് ആഴ്ചനക്ഷത്രം മെഗാക്വിസിലൂടെ കുട്ടികളെ പ്രാപ്തരാക്കുക.

⇒ വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ ലൈബ്രറി ശാക്തീകരണം.

| പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല. |
|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രീ-ടെസ്റ്റ് നടത്തുക. | ജൂൺ ആദ്യവാരം | ക്ലാസ്സ് അധ്യാപകൻ |
| 2. പരിമിതികൾ പരിഹരിക്കുന്നതിന് വേണ്ടി പ്രവർത്തനപാക്കേജ് ചർച്ച ചെയ്ത് SRG യിൽ തീരുമാനിക്കുക.<br>3. അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കൽ, അക്ഷരക്കാർഡ്, വായന കാർഡ് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കൽ.<br>* അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ.<br>* അടിക്കുറിപ്പ് തയ്യാറാക്കൽ<br>* ചിത്രം നോക്കി വിവരണങ്ങൾ തയാറാക്കൽ<br>* കഥയുടെ ബാക്കി പറയൽ, എഴുതൽ.<br>* ചുമർപത്രം തയ്യാറാക്കൽ. | ജൂൺ - ജൂലൈ | |

| | | |
|---|---|---|
| * ചുമർ ചിത്രങ്ങളിൽ നിന്ന് വാക്യങ്ങൾ ഉണ്ടാക്കൽ.<br>* പഠനപ്രയാസം നേരിടുന്ന കുട്ടികൾ, CWSN കുട്ടികൾക്ക് പ്രത്യേകം ക്ലാസ്.<br>3 കുട്ടിയെ മികച്ച വായനക്കാരാക്കുന്നതിന്.<br>* ക്ലാസിൽ വായനാമൂല ; ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ.<br>* മുഖംമൂടി നിർമ്മാണം, സർഗ്ഗാത്മക പ്രവർത്തിപരിചയം.<br>* ഓലപ്പന്ത്, പീപ്പി കളിയുപകരണ നിർമ്മാണം, പ്രവൃത്തിപരിചയം.<br>* ലൈബ്രറി ശാക്തീകരണം.<br>* വായനായനം @ 2025 : 1 മുതൽ 5 വരെ ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരാക്കൽ കുഞ്ഞുവായനയും, പുസ്തകപരിചയവും. | ജൂൺ – മാർച്ച് | അധ്യാപകർ |

| | | |
|---|---|---|
| ★ വായനായനം - പ്രവർത്തനക്രമം<br>1, 2, 3 ക്ലാസ്സുകളിലെ കുട്ടികൾക്ക് ക്ലാസധ്യാപകൻ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ നൽകി ഓരോ ക്ലാസ്സിൽ നിന്നും ഓരോ കുട്ടി ദിവസവും കഥ ഉച്ചക്കോടെ വായിക്കുന്നു. | | |
| ★ 4, 5 ക്ലാസ്സുകളിൽ കുട്ടികൾ അവർ വായിച്ച പുസ്തകത്തിന്റെ രചനാപരിചയം നടത്തുന്നു. | | |
| ★ വായനായനം പരിപാടിയുടെ ഭാഗമായി 1, 2 ക്ലാസുകളിൽ രചനോത്സവവും, 3,4,5 ക്ലാസ്സുകളിൽ പുസ്തകപരിചയം, വായനാമത്സരം, റീഡേഴ്സ് തിയേറ്റർ എന്നിവ നടത്തുന്നു. | | |
| ★ കൂടുതൽ പുസ്തകങ്ങൾ വായിച്ചവരെ അനുമോദിക്കുന്നു. | | |
| ★ പിറന്നാളിന് ഒരു പുസ്തകം. | | |
| ★ വായനാമത്സരം. | ഓരോ മാസവും. | |

| ENGLISH | | |
|---|---|---|
| Activities | Duration | charge |
| **Pre-test**<br>• Matching words and objects.<br>• Wrapper collection (Soap, paste...)<br>• Riddles, Jigso Puzzle<br>**English Assembly.**<br>• English Assembly in every month led by the students.<br>**Activities**<br>• Diary<br>• Thoughts<br>• Description.<br>• Add more lines.<br>• Story writing, News reading. | August, September, october. | |

Scanned with OKEN Scanner

| | | |
|---|---|---|
| Making Signboards. | | |
| Writing Skills. | | |
| ★ oppertunity for writing simple stories, rhymes etc.<br>★ Adding lines.<br>★ Unit test<br>★ Diary<br>★ Letter<br>★ Announcement.<br>★ Conversation<br>★ Magazine<br>★ Script writing<br>★ Notice writing<br>★ Riddles. | June to March. | class Teacher |

| | | |
|---|---|---|
| Reading skills | | |
| 1. Newspaper reading<br>2 Library book reading<br>3 Book review<br>4 Diary reading. | June - March. | Class teacher |
| Games | | |
| * Playing games as a part of classroom activities.<br>• English Fest.<br>* Balasabha<br>* Hello English activities. | June to March. | class teacher, children |

## ശാസ്ത്രം

### ലക്ഷ്യങ്ങൾ.

പരിസരവുമായി ഇടപഴകി (നേരനുഭവങ്ങൾ) ശാസ്ത്രപ്രക്രിയാശേഷികൾ നേടുകയും, ആശയരൂപീകരണം സാധ്യമാക്കുകയും ചെയ്യുക. [നിരീക്ഷണം, പരീക്ഷണം, താരതമ്യം, അപഗ്രഥനം, നിഗമനം].

* പ്രവർത്തനാധിഷ്ഠിത ശാസ്ത്ര പഠനത്തിനുള്ള അവസരം ഒരുക്കുക - [പരീക്ഷണ നിരീക്ഷണങ്ങൾക്ക്]
* ശാസ്ത്രാവബോധം, ശാസ്ത്രാഭിരുചി എന്നിവ വളർത്തിയെടുക്കുക.
* കൃഷി, തൊഴിലുകൾ, ആദിമുഖ്യം വളർത്തുക.
* പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| * ശാസ്ത്രമൂല ഒരുക്കൽ. 1 മുതൽ 5 വരെ ക്ലാസുകളിൽ ഉണ്ടാ യിരിക്കേണ്ട സാമഗ്രികളുടെ list തയ്യാറാക്കൽ. | മെയ്. | ക്ലാസ് ടീച്ചർ. |

| | | |
|---|---|---|
| * തയ്യാറാക്കിയ ലിസ്റ്റിൽ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ തരംതിരിക്കൽ – ശാസ്ത്രമേളയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ സംഘടിപ്പിക്കൽ, സാമഗ്രികൾ വാങ്ങൽ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ ലിസ്റ്റ് തയ്യാറാക്കൽ. | .. | |
| ലഘുപരീക്ഷണ ശില്പശാല. | | |
| * 1 മുതൽ 5 വരെ ക്ലാസ്സുകളിലെ പരീക്ഷണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ കുട്ടികളും പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>* ഫീൽഡ് ട്രിപ്പ് :- കൃഷിയിടങ്ങൾ, നെയ്ത്ത്ശാല തൊഴിൽശാലകൾ, പൊതുഇടങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ മുതലായവ.<br>* നാട്ടുസസ്യങ്ങളെ പരിചയപ്പെടൽ<br>* ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട് യഥാസമയങ്ങളിൽ.<br>ദീർഘകാലം. | അധ്യാപകർ |

| | | |
|---|---|---|
| * സ്ഥലലഭ്യതയ്ക്കനുസരിച്ച് ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ , പൂന്തോട്ടം നിർമ്മിക്കൽ<br>* ശലഭോദ്യാനം (ജൈവവൈവിധ്യ ഉദ്യാന നിർമ്മിതി).<br>* ശുചിത്വവുമായി ബന്ധപ്പെടുത്തി ബോധവൽക്കരണ ക്ലാസ്.<br>* ശാസ്ത്രക്ലബ്ബ് രൂപീകരിക്കൽ , ക്വിസ് മത്സരങ്ങൾ<br>* ശാസ്ത്രകഥകൾ , ശാസ്ത്രജ്ഞന്മാരുടെ വിവരങ്ങൾ ശേഖരിക്കൽ അവരുടെ കണ്ടുപിടുത്തങ്ങളെ കുറിച്ചുള്ള വിവരങ്ങൾ അവതരിക്കൽ | ദീർഘകാലം | അധ്യാപകർ<br>കുട്ടികൾ. |
| * ലഘു പ്രൊജക്ടുകൾ ; പഠനയാത്രകൾ സംഘടിപ്പിക്കുക.<br>* പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.<br>* വീട്ടിലും, സ്കൂളിലും ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ. ഇതുവഴി നമുക്ക് നിരീക്ഷണ പാടവം ലഭിക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട് യഥാ സമയങ്ങളിൽ. | അധ്യാപകർ |

| | | |
|---|---|---|
| ഭൂവൈവിധ്യങ്ങൾ അറിയാം. | | |
| വെള്ളച്ചാട്ടം, പാറ, ചെങ്കൽമട, ഗുഹ വനം തുടങ്ങിയ ഭൂവൈവിധ്യങ്ങൾ നേരിട്ട് കാണാൻ അവസരമൊരുക്കൽ. | | |
| ഭൂപട പഠനം. | | |
| ദിക്കുകളുടെ ധാരണ ഉറപ്പിച്ച് ജില്ല, സംസ്ഥാന, രാജ്യ ഭൂപടങ്ങൾ പരിചയപ്പെടുത്തൽ ധാരണ ഉറപ്പിച്ച് കണ്ടെത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് യഥാ സമയങ്ങളിൽ | അധ്യാപകർ. |
| GK കോർണർ | | |
| സ്കൂളിലെ ഒരു പ്രത്യേക സ്ഥലത്ത് ഓരോ ദിവസവും കുട്ടികളുടെ വൈജ്ഞാനിക ലക്ഷ്യം വച്ചുകൊണ്ടുള്ള ഓരോ ചോദ്യങ്ങൾ പ്രദർശിപ്പിക്കുന്നു. ഉത്തരം കുട്ടി തന്റെ അന്വേഷണ പഠനത്തിലൂടെ കണ്ടെത്തുന്നു. | ജൂൺ- മാർച്ച് | അധ്യാപകർ. |

| ഗണിതം. | | |
|---|---|---|
| * ചെറിയ ക്ലാസ്സുകളിൽ വെച്ച് തന്നെ പ്രായോ-ഗികപ്രശ്നങ്ങൾക്ക് ഊന്നൽ നൽകൽ.<br>* മന:ക്കണക്കിന് പ്രാധാന്യം നൽകൽ.<br>* Text book ലെ പ്രവർത്തനങ്ങൾക്ക് പുറമെ നിത്യജീവിതവുമായി ബന്ധപ്പെട്ടവ.<br>* മെട്രിക് പ്രവർത്തനങ്ങൾ - വ്യത്യസ്ത അളവുകൾ, ഭാരം, നീളം, ഉള്ളളവ് എന്നിവയുടെ ഏകകങ്ങൾ പരിചയപ്പെടൽ.<br>* മെട്രിക് പ്രവർത്തനങ്ങൾ - വ്യത്യസ്ത മെട്രിക് അളവുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.<br>* മെട്രിക് മേള സംഘടിപ്പിക്കൽ, പ്രദർശനം.<br>* ഗണിതക്ലബ്ബ് പസിലുകൾ സംഘടിപ്പിക്കൽ.<br>* ഗണിതക്വിസ്, ഗണിത പാറ്റേണുകൾ<br>* വിവരസാങ്കേതിക വിദ്യ (ഐ. ടി) യുമായി ഗണിതപഠനത്തെ ബന്ധിപ്പിക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട്. | |

Scanned with OKEN Scanner

| | | |
|---|---|---|
| * കലണ്ടർ പഠിക്കാം · കലണ്ടറിനെക്കുറിച്ചുള്ള പ്രായോഗിക ധാരണകൾ സൃഷ്ടിക്കൽ .<br>* ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ, വരയ്ക്കൽ,<br>* സ്കൂൾ സൂപ്പർമാർക്കറ്റ്, വ്യത്യസ്ത സാധനങ്ങൾ (നോട്ട്, പേന, പെൻസിൽ, ലൈബ്രറി പുസ്തകങ്ങൾ, സോപ്പ് മുതലായവ) ക്രമീകരിച്ച് കുട്ടികൾക്ക് ക്രയവിക്രയം നടത്താനുള്ള അവസരം.<br>* ടാൻഗ്രാം നിർമ്മാണം - പരിശീലനം .<br>* ഒറിഗാമി നിർമ്മാണം - പരിശീലനം . | ജൂൺ - മാർച്ച് | അധ്യാപകർ കുട്ടികൾ |
| അളക്കാം പഠിക്കാം . | പാഠഭാഗവുമായി ബന്ധപ്പെട്ട് . | അധ്യാപകർ. |
| * വ്യത്യസ്ത അളവുപകരണങ്ങൾ പ്രദർശിപ്പിച്ച് കൃത്യമായി അളന്നുകൊടുക്കാൻ പ്രാപ്തരാക്കുന്നു. | | |
| ഗണിതവിജയം - ഉല്ലാസ ഗണിതം . | | |
| * ക്ലാസ്റൂം പ്രവർത്തനങ്ങളിൽ ഗണിതവിജയം-ഉല്ലാസഗണിതം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിതം മധുരമാക്കുന്നു . | | |

Scanned with OKEN Scanner

| മുന്നൊരുക്കപ്രവർത്തനങ്ങൾ. | | |
|---|---|---|
| Word wall. | June – March | Teachers. |
| ഇംഗ്ലീഷിൽ അക്ഷരമാലാ ക്രമത്തിൽ ഓരോ ദിവസവും ഓരോ കുട്ടിയും ഒരു വാക്ക് തെറ്റാതെ എഴുതി ചുമർചിത്രത്തിൽ ഒട്ടിക്കുന്നു. | | |
| English Assembly | | |
| മാസത്തിൽ ഒരു English Assembly. | | |
| Word Puzzle. | | |
| നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഇംഗ്ലീഷ് വാക്കുകൾ ഗെയിം വഴി കുട്ടികളിൽ എത്തിക്കും. | | |
| English Diary. | | |
| കുട്ടികൾ English Diary എല്ലാ ദിവസവും എഴുതുന്നു. | | |

| | | |
|---|---|---|
| സ്കൂൾ തപാൽ. | | |
| സാങ്കേതികവിദ്യയുടെ വളർച്ചയിൽ അന്യം നിന്നുപോകുന്ന കത്ത് എന്ന വ്യവഹാര രൂപത്തെ തിരിച്ച് പിടിക്കാൻ കത്ത് പെട്ടി സ്ഥാപിക്കുന്നു. തപാൽപെട്ടിയുടെ അതേ രൂപത്തിലും നിറത്തിലും പെട്ടി സ്ഥാപിക്കുന്നു. ഇതിൽ കുട്ടികൾക്ക് കൂട്ടുകാർക്കും അധ്യാപകർക്കും കത്തുകൾ അയക്കാം. കുട്ടികളിൽ ഒരാൾ പോസ്റ്റ്മാനായി കത്തുകൾ വിതരണം ചെയ്യുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ. |
| സ്കൂൾ അസംബ്ലി. | | |
| ആഴ്ചയിൽ 2 ദിവസം അസംബ്ലി.<br>പത്രവായന<br>ഡയറിവായന<br>പുസ്തകപരിചയം.<br>ഓരോ ദിവസവും ഓരോ ക്ലാസിന് അസംബ്ലി ചുമതല. | ജൂൺ - മാർച്ച് | അധ്യാപകർ. |

Scanned with OKEN Scanner

| | | |
|---|---|---|
| ആകാശവാണി റേഡിയോ . | | |
| * ഓരോ ക്ലാസ്സിലും സ്പീക്കറുകൾ സ്ഥാപിച്ച് ആകാശവാണി പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. | | |
| വാർത്താവായന | | |
| * അറിയിപ്പുകൾ , നിർദ്ദേശങ്ങൾ നൽകൽ , കഥ ,കവിത അവതരണം , പ്രശസ്തരായ വ്യക്തികളെ പരിചയപ്പെടുത്തൽ , മികച്ച ഡയറിവായന | ജൂൺ - മാർച്ച് | അധ്യാപകർ. കുട്ടികൾ . |
| പിന്നോക്കപ്രവർത്തനങ്ങൾ. | | |
| * അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* ലഘുവാക്യങ്ങൾ എഴുതി ഉറപ്പിക്കൽ.<br>* അക്ഷരച്ചിത്രം വരയ്ക്കൽ<br>* പോസ്റ്റർ രചന പരിശീലിപ്പിക്കൽ .<br>* വർക്ക്ഷീറ്റുകൾ നൽകൽ .<br>* കളിനോട്ടുകളി . | | |

| | | |
|---|---|---|
| * Sentence കാർഡുകൾ<br>* ജിഗ്സോ പസിലുകൾ.<br>* കുത്തുകൾ വരയ്ച്ചു യോജിപ്പിക്കൽ<br>* കോപ്പി എഴുതിക്കൽ. | | |
| അനുബന്ധ പ്രവർത്തനങ്ങൾ. | | |
| * സ്കൂളും പരിസരവും ശുചീകരിക്കൽ<br>* സ്കൂൾ പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം<br>* വായനാ കോർണർ<br>* ജൈവ – അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കൽ. | ജൂൺ – മാർച്ച് | അധ്യാപകർ<br>കുട്ടികൾ. |
| ആരോഗ്യം, പോഷകാഹാരം, ശുചിത്വം. | | |
| ആരോഗ്യ ശീലങ്ങൾ പാലിക്കൽ.<br>* പൊതുസ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ. | | |

<table>
<tr><td>* എല്ലാ കുട്ടികൾക്കും ആരോഗ്യസംരക്ഷണം, പോഷകാഹാരം, ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പാക്കൽ.</td><td></td><td></td></tr>
<tr><td>പ്രവർത്തനങ്ങൾ.</td><td rowspan="2">ജൂൺ - മാർച്ച്</td><td rowspan="2">അധ്യാപകർ.</td></tr>
<tr><td>* ആരോഗ്യ പരിശോധന നടത്തൽ<br>* ആരോഗ്യ ബോധവൽക്കരണം - ക്ലാസ് പി.ടി.എ കളിൽ ചർച്ച.<br>* ഉച്ചഭക്ഷണക്കമ്മിറ്റി ശാക്തീകരണം.<br>* പോഷകസമൃദ്ധമായ ഭക്ഷണമെനു തയ്യാറാക്കൽ<br>* കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കൽ.<br>* ഭക്ഷണശീലവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമാണം<br>* ഇലക്കറികൾ പരിചയപ്പെടൽ, ജന്മദിന ഇല തോരൻ.</td></tr>
</table>

Scanned with OKEN Scanner

| | | |
|---|---|---|
| മാലിന്യനിർമ്മാർജ്ജനം. | | |
| * ഓരോ ക്ലാസ്സിലും ജൈവ-അജൈവ മാലിന്യ നിക്ഷേപത്തിന് പ്രത്യേകം waste basket.<br>* ക്ലാസ്സുകളിലും, സ്കൂൾ പരിസരത്തും ശുചിത്വ പോസ്റ്ററുകൾ, മാലിന്യ സംസ്കരണത്തിന് സ്കൂൾ പരിസരത്ത് കമ്പോസ്റ്റ് കുഴികൾ, റിംഗുകൾ സ്ഥാപിക്കൽ. | ജൂൺ - മാർച്ച് | അധ്യാപകർ<br>പി.ടി.എ<br>കുട്ടികൾ. |

| | | |
|---|---|---|
| നിരന്തര വിലയിരുത്തൽ. | | |
| * കുട്ടിയുടെ പഠനനേട്ടം കൃത്യമായി നിർണ്ണയിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.<br>* പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.<br>* രക്ഷിതാക്കൾ കുട്ടികളെ സഹായിക്കേണ്ടത് എങ്ങനെ എന്ന് വിശദമാക്കൽ.<br>* ടീച്ചിങ് മാന്വലിൽ നിരന്തര വിലയിരുത്തൽ<br>* യൂണിറ്റ് ടെസ്റ്റ് - പഠന പുരോഗതി സിപിടിഎയിൽ അറിയിക്കൽ.<br>* SRG യിൽ ചർച്ച ചെയ്യൽ.<br>* ക്ലാസ്സ് മോണിറ്ററിംഗ്.<br>* Term മൂല്യനിർണയ ഫലങ്ങൾ വിശകലനം ചെയ്യൽ - പങ്കുവെയ്ക്കൽ. | ജൂൺ - മാർച്ച് | അധ്യാപകർ. |

# ഉപസംഹാരം .

2025-26 അധ്യയനവർഷം മികവിന്റെ വർഷമാക്കി മാറ്റാൻ ഉതകും വിധം നമ്മുടെ വിദ്യാലയത്തിൽ എത്തിച്ചേർന്ന മുഴുവൻ കുട്ടികളെയും മുഴുവൻ പഠനനേട്ടത്തിന്റെയും ഉടമയാക്കുക എന്ന ആത്യന്തികലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പഠനം ഉല്ലാസപ്രദമായ രീതിയിൽ നടപ്പിലാക്കാൻ നമ്മുടെ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന ഉറച്ച വിശ്വാസത്തോടെയും ഇത് ഞങ്ങളുടെ വിദ്യാലയത്തിന്റെ സുപ്രധാന രേഖയായി കരുതുകയും ഇതിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുമെന്ന് പ്രതിജ്ഞയെടുത്തുകൊണ്ട് ഉപസംഹരിക്കുന്നു.

Scanned with OKEN Scanner